**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

**ചലച്ചിത്ര കലാഭവൻ ബിൽഡിംഗ്, ഒന്നാം നില,വഴുതക്കാട്, തിരുവനന്തപുരം - 695014**

06.11.2019

നമ്പർ: 988/ഡി/2011/കെ.എസ്.സി.എ.ഡി.സി

**<u>ക്വട്ടേഷൻ ക്ഷണിക്കുന്നു.</u>**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള KL 01 BD 4839 -ാം നമ്പർ വാഹനം നിലവിലെ അവസ്ഥയിൽ ക്വട്ടേഷൻ/ പരസ്യ ലേലം മുഖേന വിൽക്കുന്നതാണ്. വാഹനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. Registration No. | : | KL 01 BD 4839 |
| 2. Make & Model | : | 2011, Ford Fiesta 16 CL X I |
| 3. Engine | : | TDEL |
| 4. Location of vehicle available | : | KSCADC office permissive, Vazhuthacaud |
| 5. Fuel | : | Petrol |
| 6. Insurance paid upto | : | 07.11.2020 (3rd party) |
| 7. Tax paid upto | : | 30.09.2026 |
| 8. Registration validity upto | : | 10.11.2026 |
| 9. Total KM covered (as on 18.10.2019) | : | 2,22,509 KM |

ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.എ,.ഡി.സി., തിരുവനനന്ത പുരത്തിന്റെ പേരിൽ വാങ്ങിയ 5000 രൂപയുടെ (അയ്യായിരം രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് EMD ആയി ഉള്ളടക്കം ചെയ്തിരിക്കേണ്ടതും ലേലത്തിൽ പങ്കെടുക്കുന്നവർ 5000 രൂപ EMD ആയി രൊക്കം കെട്ടിവയ്ക്കേണ്ടതുമാണ്.

ക്വട്ടേഷൻ **15.11.2019** ഉച്ചയ്ക്കുശേഷം **3** മണിക്ക് മുമ്പായി തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അന്നേദിവസം വൈകുന്നേരം 3.30-ന് ലേലത്തിന് പങ്കെടുക്കുന്നവർ 5000 രൂപ അടച്ച് ലേലത്തിൽ പങ്കുചേരുന്നതിന് അനുമതി നൽകുകയും അന്നേദിവസം 4 മണിക്ക് പരസ്യലേലം നടത്തുന്നതും ലേല നടപടികൾ പൂർത്തിയാക്കിയശേഷം ലഭിച്ച ക്വട്ടേഷനുകൾ അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാർ അവർ രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ, ലേലക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. സാധാരണഗതിയിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്തിട്ടുള്ള ക്വട്ടേഷൻ/ലേലം കൊണ്ടത് അംഗീകരിക്കുന്നതാണ്. അപ്രകാരം അംഗീകരിച്ചാൽ ആകെ തുകയുടെ 50% തുക അപ്പോൾ തന്നെ ഒടുക്കേണ്ടതും അവശേഷിക്കുന്ന 50% തുക ഈ ആഫീസിൽ നിന്നുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ഒടുക്കി വാഹനം നീക്കം ചെയ്യേണ്ടതും വാഹനത്തിന്റെ ഉടമസ്ഥാവകാശം ക്വട്ടേഷൻ/ലേലം കൊണ്ട വ്യക്തിയുടെ പേരിലേക്ക് മാറ്റേണ്ടതുമാണ്. എന്നിരുന്നാലും യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു ക്വട്ടേഷൻ/ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ക്വട്ടേഷൻ/ലേല നടപടികൾ നിലവിലെ എല്ലാ സർക്കാർ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതുമാകുന്നു.

(കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തിസമയങ്ങളിൽ 0471-2321520 എന്ന ടെലഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്)

ഒപ്പ്

മാനേജിംഗ് ഡയറക്ടർ

- നോട്ടീസ് ബോർഡ്

അംഗീകാരത്തോടെ,

മാനേജർ (അഡ്മിനിസ്ട്രേഷൻ)